പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

*നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.245 12/03/2018-ൽ മറുപടിക്ക്

## വിദ്യാഭ്യാസ അവകാശ നിയമം

**ചോദ്യം**

ശ്രീ. എ.എം. ആരിഫ്
പ്രൊഫ. കെ.യു. അരുണൻ
ശ്രീ. പി. ഉണ്ണി
ശ്രീമതി. വീണാ ജോർജ്ജ്:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പമന്ത്രി)

(എ) സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, ഐ.എസ്.സി തുടങ്ങിയ ബോർഡുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാന സിലബസ് പ്രകാരം അധ്യയനം നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് വ്യത്യസ്തമായ പാഠ്യപദ്ധതി പ്രകാരം വിദ്യാഭ്യാസം നൽകുന്നതും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തോന്നുംപടി ഫീസ് ഈടാക്കുന്നതും സൗജന്യമായും നിർബന്ധിതമായും ഉള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാക്കിയ 2009 ലെ നിയമത്തിന്റെ അന്തസ്സത്തക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എ) സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, ഐ.എസ്.സി തുടങ്ങിയ ബോർഡുകളുടെ സിലബസ് പിന്തുടരുന്ന അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾക്ക് സംസ്ഥാനത്ത് പ്രവർത്തനാനുമതി നൽകിയിട്ടുള്ളതാണ്. 'സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ ആക്ട് 2009' 2-ാം വകുപ്പിലെ 2(n)iv-ൽ ഉൾപ്പെടുന്നവയാണ് ഈ വിദ്യാലയങ്ങൾ. ആക്ടിലെ 12-ാം വകുപ്പിലെ ഇനം 12(1)c പ്രകാരം ഇത്തരം വിദ്യാലയങ്ങളിൽ 1-ാം ക്ലാസ്സിലെ സംഖ്യാബലത്തിന്റെ ഏറ്റവുംകുറഞ്ഞത് 25 ശതമാനം വരെയെങ്കിലും സമീപ പ്രദേശങ്ങളിലെ ദുർബല വിഭാഗത്തിലും (weaker section), പ്രതികൂലാവസ്ഥയിലുള്ള ഗണത്തിലും (disadvantaged group) ഉള്ള കുട്ടികളെ പ്രവേശിപ്പിക്കേണ്ടതും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം അതിന്റെ പൂർത്തീകരണം വരെ നൽകേണ്ടതുമുണ്ട്. അതിനു നേരിടുന്ന ചെലവ്, ഒരു കുട്ടിക്കു വേണ്ടി സംസ്ഥാനം നേരിട്ട ചെലവിന്റെ അത്രയുമോ അല്ലെങ്കിൽ ആ കുട്ടിയിൽ നിന്നും ഈടാക്കിയ യഥാർത്ഥ തുകയോ ഇതിൽ ഏതാണോ കുറവ്, ആയത് സംസ്ഥാനം വഹിക്കണമെന്ന് 12-ാം വകുപ്പിന്റെ ഇനം 2-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സൗജന്യവും നിർബന്ധിതവു-

മായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ ചട്ടങ്ങൾ (കേരളം) 2011-ലെ ചട്ടം 11-ൽ ഈ ഫീസ് റീ ഇംബേഴ്സ്മെന്റിനുള്ള വിശദമായ വ്യവസ്ഥകളും ചേർത്തിട്ടുണ്ട്. ആക്ടിലെ 2-ാം വകുപ്പിലെ ഇനം n (iv) ൽ ഉൾപ്പെടുന്ന അൺ എയ്ഡഡ് സ്കൂളുകളിൽ ടി 25% കുട്ടികൾക്ക് മാത്രമാണ് സൗജന്യ വിദ്യാഭ്യാസത്തിന് അവകാശമുള്ളത്. (അവരുടെ ഫീസ് സംസ്ഥാന സർക്കാർ റീ-ഇംബേഴ്സ് ചെയ്യുന്നതിനാൽ) ബാക്കിയുള്ള 75 ശതമാനത്തിന്റെ വിദ്യാഭ്യാസം സൗജന്യമാണെന്ന് ആക്ടിലൊരിടത്തും പരാമർശിച്ചിട്ടില്ല. മാത്രമല്ല 75 ശതമാനം വിദ്യാർത്ഥികൾ നൽകേണ്ട ഫീസിന്റെ കാര്യത്തിലും പരാമർശമില്ല. ടി വിദ്യാലയങ്ങളിൽ സമീപ പ്രദേശങ്ങളിലെ 25 ശതമാനം കുട്ടികളുടെ പ്രവേശനത്തി-നുള്ള മാർഗനിർദ്ദേശങ്ങൾ സർക്കാർ 4/5/2013 ലെ ജി.ഒ (എം.എസ്) നമ്പർ 158/2013/പൊ.വി.വ പ്രകാരം പ്രസിദ്ധീക-രിച്ചിട്ടുമുണ്ട്. ആയതിനാൽ പ്രസ്തുത അൺ എയ്ഡഡ് സ്കൂളുകളിൽ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, ഐ.എസ്.സി തുടങ്ങിയ ബോർഡുകളുടെ സിലബസ് പിൻതുടരുന്നതും ഫീസ് ഈടാക്കുന്നതും വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അന്തസത്തയ്ക്ക് വിരുദ്ധമാകുന്നില്ല.

(ബി) അവസര സമത്വമെന്ന മൗലികാവകാശത്തിന് വിരുദ്ധമാണ് പാഠ്യപദ്ധതികളിലെ ഐകരൂപ്യമില്ലായ്മയെ-ന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് എന്തു ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കുമോ;

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ പിൻതുടരുന്ന പാഠ്യപദ്ധതികളുടെ ഐകരൂപ്യമില്ലായ്മ ഭരണഘടന വിഭാവനം ചെയ്യുന്ന അവസര സമത്വമെന്ന മൗലികാവകാശത്തിന്റെ ലംഘനമല്ല. സിലബസ് ഏകീകരിക്കാനുള്ള നടപടികൾ ഒന്നും സർക്കാർ ഇപ്പോൾ ആലോചിച്ചിട്ടില്ല.

(സി) അൺ എയ്ഡഡ് സ്കൂളുകൾ ഒന്നാംക്ലാസ്സിൽ പ്രവേശനം നൽകുന്നതിൽ ഇരുപത്തിയഞ്ചു ശതമാനം കുട്ടികളെങ്കിലും ദുർബലവിഭാഗങ്ങ-ളിൽപ്പെട്ടതോ സാമ്പത്തികശേഷിയില്ലാ-ത്തവരോ ആയിരിക്കണമെന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാകുന്നതുവരെ അവർക്ക് സൗജന്യമായി വിദ്യാഭ്യാസം

(സി) ഉണ്ട്. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ ആക്ട് 2009' ബാധകമായ വിദ്യാലയങ്ങളിൽ 1-ാം ക്ലാസ്സിലെ സംഖ്യാബലത്തിന്റെ ഏറ്റവുംകുറഞ്ഞത് 25 ശതമാനം വരെയെങ്കിലും സമീപ പ്രദേശങ്ങളിലെ ദുർബല വിഭാഗത്തിലും

| | |
|---|---|
| നൽകണമെന്നും 2009 ലെ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോ; എങ്കിൽ ഇതു പ്രാവർത്തികമാക്കുന്നത് പരിഗണിക്കുമോയെന്നറിയിക്കാമോ? | (weaker section), പ്രതികൂലാവസ്ഥയിലുള്ള ഗണത്തിലും (disadvantaged group) ഉള്ള കുട്ടികളെ പ്രവേശിപ്പിക്കേണ്ടതും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം അതിന്റെ പൂർത്തീകരണം വരെ നൽകേണ്ടതുമുണ്ട്.<br>ഒരു കുട്ടിക്കു വേണ്ടി സംസ്ഥാനം നേരിട്ട ചെലവിന്റെ അത്രയുമോ അല്ലെങ്കിൽ ആ കുട്ടിയിൽ നിന്നും ഈടാക്കിയ യഥാർത്ഥ തുകയോ ഇതിൽ ഏതാണോ കുറവ്, ആയത് സംസ്ഥാനം വഹിക്കണമെന്ന് 12-ാം വകുപ്പിന്റെ ഇനം 2-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് കേരളത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. അതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ 4/5/2013 ലെ ജി.ഒ (എം.എസ്) നം. 158/2013/പൊ.വി.വ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ